അലനല്ലൂർ ഗ്രാമപഞ്ചായത്ത് കാര്യാലയം
അലനല്ലൂർ പി.ഒ, പാലക്കാട് ജില്ല, 678601, ഫോൺ 04924-262235
Mail ID: ddpalanallurpkd@gmail.com. Phone No. 04924 262 235

No. SC3- 17/2026-27 തിയതി. 27/06/2026

## ഇ –ടെണ്ടർ പരസ്യം

അലനല്ലൂർ ഗ്രാമപഞ്ചായത്തിലെ 2026–27 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി സെക്രട്ടറി നിർവ്വഹണം നടത്തുന്ന തെരുവ് വിളക്ക് സപ്ലൈ ചെയ്ത് സ്ഥാപിച്ച് പ്രകാശിപ്പിച്ച് നൽകുന്നതിന് തയ്യാറുള്ള സ്ഥാപനങ്ങളിൽ നിന്നും / അംഗീകൃത കരാറുകാരിൽ നിന്നും മത്സര സ്വഭാവമുള്ള ദർഘാസുകൾ ക്ഷണിച്ചുക്കൊള്ളുന്നു.

| ക്ര.ന | പ്രവൃത്തിയുടെ പേര് | ഇനം | അടങ്കൽ തുക | ഫാറം വില | നിരദ്രവ്യം |
|---|---|---|---|---|---|
| 1 | പുതിയ എൽ.ഇ.ഡി തെരുവ് വിളക്ക് സ്ഥാപിക്കൽ പ്രോ.ന 17/27 | എൽ.ഇ.ഡി ഓട്ടാമാറ്റിക്, സെറാമിക് ഷീൽഡോട് കൂടിയ ബൾബുകൾ ( 30W ) അനുബന്ധ സാമിഗ്രികൾ ഉൾപ്പെടെ വാങ്ങി 2 വർഷം വാറണ്ടിയോടെ സ്ഥാപിക്കൽ | 800000 | 1765 | 20000 |

ടെണ്ടർ ഫോറം വിതരണം ചെയ്യാൻ ആരംഭിക്കുന്ന തീയതി – 29/06/2026 01 PM
ടെണ്ടർ ഫോറം സമർപ്പിക്കേണ്ട അവസാന തീയതി – 07/07/2026 06 PM
ടെണ്ടർ ഫോറം തുറക്കുന്ന തീയതി – 09/07/2026 11 AM

1. ഒരു 30W എൽ.ഇ.ഡി ഓട്ടോമാറ്റിക് ബൾബ്, സെറാമിക് ഷീൽഡ്, സെൻസറോടു കൂടിയ ബൾബുകൾ ( കുറഞ്ഞത് 2 വർഷം വാറണ്ടി ഉള്ളത് ) സാധന സാമഗ്രികൾ ( ISI മാർക്ക് ഉള്ളത് ) അടക്കം സ്വന്തം ഉത്തരവാദിത്വത്തിൽ സപ്ലൈ ചെയ്ത് ഒരു പോസ്റ്റിൽ സ്ഥാപിച്ച് പ്രകാശിപ്പിക്കുന്നതിന് എല്ലാ നികുതിയും ഉൾപ്പെടെയുള്ള തുകയാണ് ക്വോട്ട് ചെയ്യേണ്ടത്.

2. സ്ഥാപിക്കുന്ന ബൾബിന്റെ ക്വാളിറ്റി സർട്ടിഫിക്കറ്റ് സ്വന്തം ഉത്തരവാദിത്വത്തിൽ ഹാജരാക്കേണ്ടതാണ്.
3. പ്രവർത്തിക്കുവേണ്ടി ആവശ്യമായി വരുന്ന മുഴുവൻ സാധനങ്ങളും കരാറുകാരൻ തന്നെ വാങ്ങി ഉപയോഗിക്കേണ്ടതുമാണ്.
4. ഏതെങ്കിലും തെരുവു വിളക്കുകൾ വാറണ്ടി കാലാവധിക്ക് മുൻപ് തകരാറിലായാൽ ആയത് പരിഹരിച്ച് അടുത്ത അറ്റകുറ്റപണിയുടെ ദിനത്തിൽ തന്നെ പുനസ്ഥാപിക്കേണ്ടതാണ്.
5. നിശ്ചിത മാതൃകയിലുള്ള പ്രാഥമിക കരാർ ഉടമ്പടി പൂർണ്ണമായും പുരിപ്പിച്ച് ഉള്ളടക്കം ചെയ്തിരിക്കേണ്ടതാണ്. ടെണ്ടറിനോടൊപ്പം നിശ്ചയിക്കപ്പെട്ടിട്ടുള്ള നിരതദ്രവ്യം ഒടുക്കുവരുത്തിയതിന്റെ രേഖകൾ ഉള്ളടക്കം ചെയ്തിരിക്കേണ്ടതാണ്. ഇളവുള്ളവര് ഇളവ് ലഭിക്കുന്നതിനുള്ള രേഖകൾ സമർപ്പിക്കേണ്ടതാണ്.
6. ഇ-ടെണ്ടർ ലഭിക്കുന്ന കരാറുകാരൻ ഇ-ടെണ്ടർ അംഗീകാരം സംബന്ധിച്ച അറിയിപ്പ് ലഭിച്ചാൽ ഏഴ് ദിവസത്തിനകം നിശ്ചിത തുകയ്ക്കുള്ള മുദ്രപത്രത്തിൽ പഞ്ചായത്തുമായി കരാറിൽ ഏർപ്പെടേണ്ടതും നിയമാനുസൃത സെക്യൂരിറ്റി ഡിപ്പോസിറ്റ് അടവാക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം ടെണ്ടർ റദ്ദാക്കി പുനർ വിജ്ഞാപനം നടത്തുന്നതുമാണ്.
7. കരാറിലെ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടു എന്ന് ബോധ്യപ്പെട്ടാൽ കരാർ റദ്ദാക്കാൻ പഞ്ചായത്തിന് അധികാരം ഉണ്ടായിരിക്കും.
8. ടി പ്രവർത്തി ചെയ്യുന്നതിന് മുൻപ് കെഎസ്ഇബി അധികൃതരെ അറിയിച്ച് അനുമതി വാങ്ങേണ്ടതും വൈദ്യുതി കണക്ഷൻ വിച്ഛേദിപ്പിക്കേണ്ടതുമാണ്. കെ.എസ്.ഇ.ബി അധികൃതരുടെ മോൽനോട്ടത്തില് മാത്രമേ പ്രവൃത്തി ചെയ്യാവു.
9. പ്രവൃത്തിയിൽ ഏർപ്പെടുന്നവർക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്വമായിരിക്കും.
10. സപ്ലൈ ചെയ്യുന്ന സാധന സാമിഗ്രികളുടെ ഗുണ നിലവാരം പഞ്ചായത്ത് പർതച്ചേഴ്സ് കമ്മറ്റിയുടെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

11. പ്രവർത്തി സമയത്തുണ്ടാകുന്ന ആളപായമോ മറ്റ് നാശനഷ്ടങ്ങളോ ഉണ്ടാകുന്ന പക്ഷം ആയതിനുള്ള പൂർണ്ണ ഉത്തരവാദിത്വം കരാറുകാരനായായിരിക്കും.
12. പഞ്ചായത്ത് രാജ് നിയമവും പ്രൊക്യൂർമെന്റ് മാനുവലും ഇ-ടെണ്ടറിന് ബാധകമായിരിക്കും.
13. ടെണ്ടർ കാരണം കൂടാതെ അംഗീകരിക്കുവാനും നിരസിക്കുവാനും ഉള്ള പൂർണ്ണ അധികാരം പഞ്ചായത്ത്കമ്മറ്റിക്ക് ഉണ്ടായിരിക്കുന്നതാണ്. ഇ-ടെണ്ടറുകൾ സംബന്ധിച്ച് പഞ്ചായത്ത് തീരുമാനം അന്തിമമായിരിക്കുന്നതാണ്.
14. കൂടുതൽ വിവരങ്ങൾ പഞ്ചായത്ത് ഓഫീസിൽനിന്നും https://tender.lsgkerala.gov.in, https://etenders.kerala.gov.in, https://alanallurpanchayat.lsgkerala.gov.in/ എന്ന വെബ് സൈറ്റിൽ നിന്നും ലഭ്യമാണ്.

സെക്രട്ടറി
അലനല്ലൂര് ഗ്രാമപഞ്ചായത്ത്